Vol-1,N0:25
06-10-2007

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Archbishop Mar Joseph Powathil
**Commission Secretary**
Fr. Johny Kochuparambil mst

**Vice-Chairmen**
Archbishop Dr. Daniel Acharuparambil
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

**പ്രധാനവാർത്തകൾ**

01. എയ്ഡഡ് സ്ക്കൂളുകൾക്ക് സുനാമി ഫണ്ട് : കത്തോലിക്കാ സഭയുടെ വിജയം.
02. സഭകളുടെ ഐക്യം ക്രിസ്തുവിന്റെ ആഗ്രഹം : മാർ വർക്കി വിതയത്തിൽ.
03. പോലീസിനു ശാരീരിക ക്ഷമതയില്ല; ഭൂരിപക്ഷവും മദ്യത്തിന് അടിമകൾ.
04. കേരളത്തിൽ വയോജന ആത്മഹത്യാ നിരക്ക് ഉയരുന്നു.
05. ബഹിഷ്ക്കരണം, സംഘർഷം, അറസ്റ്റ്; പേരിനൽപ്പം ക്ലസ്റ്റർ പരിശീലനവും.

## 01. എയ്ഡഡ് സ്ക്കൂളുകൾക്ക് സുനാമി ഫണ്ട്: കത്തോലിക്കാ സഭയുടെ വിജയം.

(കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ)

എയ്ഡഡ് സ്ക്കൂളുകൾക്ക് സുനാമി ഫണ്ട് അനുവദിച്ചുകൊണ്ടുള്ള കേന്ദ്ര സർക്കാർ തീരുമാനം കത്തോലിക്കാ സഭയുടെ വിജയമാണെന്ന് കെ. സി. ബി. സി ഐക്യ-ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ പറഞ്ഞു. ആലപ്പുഴ രൂപതയുടെ നേതൃത്വത്തിൽ നടത്തിയ തീരദേശ ഹർത്താലും കളക്ട്രേറ്റ് മാർച്ചും സുനാമി ബാധിതരായ തീരദേശവാസികളുടെ അവകാശങ്ങൾ നേടിയെടുക്കുവാൻ സഹായിച്ചുവെന്നും അതിന് നേതൃത്വം നൽകിയ ആലപ്പുഴ രൂപതയുടെ മെത്രാൻ ബിഷപ്പ് സ്റ്റീഫൻ അത്തിപ്പൊഴി പിതാവിനെ അഭിനന്ദിക്കുന്നുവെന്നും കമ്മീഷൻ സെക്രട്ടറി പറഞ്ഞു. പ്രക്ഷോഭം ഉണ്ടായപ്പോഴാണെങ്കിലും കേരളസർക്കാരിന്റെ അവസരോചിതമായ ഇടപെടലുകൾ സുനാമിബാധിതർക്ക് ഗുണം ചെയ്തു. അനീതിക്കും വിവേചനത്തിനും ഏതിരെയുള്ള കത്തോലിക്കാ സഭയുടെ സമരത്തെ ഒരു ശക്തിക്കും തടയാനാവില്ലെന്നും പാവങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും അടിസ്ഥാനാവകാശങ്ങൾ നേടിയെടുക്കുന്നതിനും സംരക്ഷിക്കുന്നതിനും കത്തോലിക്കാ സഭ എന്നും മുൻപന്തിയിലുണ്ടെന്നതിന് വ്യക്തമായ ഉദാഹരണമാണിതെന്നും കമ്മീഷൻ സെക്രട്ടറി പറഞ്ഞു.

## 02. സഭകളുടെ ഐക്യം ക്രിസ്തുവിന്റെ ആഗ്രഹം: മാർ വർക്കി വിതയത്തിൽ (Deepika-10-2007)

സഭകൾ കൂടുതൽ ഐക്യത്തിലേക്ക് കടന്നുവരണമെന്നത് ക്രിസ്തുവിന്റെ ആഗ്രഹമാണെന്നും ഇതു പൂർത്തീകരിക്കേണ്ടത് സഭാ നേതൃത്വത്തിന്റെ കടമയാണെന്നും കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ. മാർത്തോമ്മ വലിയ മെത്രാപ്പോലീത്തായേയും, മെത്രാപ്പോലീത്തായേയും അനുമോദിക്കുന്നതിനായി നടന്ന യോഗത്തിൽ അനുഗ്രഹ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ദൈവത്തിലേക്കും ദൈവീകസ്നേഹത്തിലേക്കുമുള്ള ചൂണ്ടുപലകയായി സഭ മാറണം. ഭൗതികവാദത്തിന് പിന്നാലെയുള്ള പരക്കം പാച്ചിലിൽ സഭകളുടെ ഏകോപിച്ചുള്ള പ്രവർത്തനമാണ് സമൂഹത്തിൽ നടക്കേണ്ടതെന്നും കർദ്ദിനാൾ പറഞ്ഞു. സുവിശേഷത്തിന്റെ മൂല്യങ്ങളാണ് മാർ ക്രിസോസ്റ്റം മെത്രാപ്പോലിത്താ പറഞ്ഞു തരുന്നത്. നർമ്മത്തിൽ പൊതിഞ്ഞുള്ള അദ്ദേഹത്തിന്റെ സംഭാഷണശൈലി ആരേയും ആകർഷിക്കുന്നുവെന്ന് മാത്രമല്ല, ആർക്കും വേഗത്തിൽ കാര്യങ്ങൾ മനസ്സിലാവുകയും ചെയ്യുന്നു. തീക്ഷണതയോടെയുള്ള സുവിശേഷ പ്രഘോഷണമാണ് അദ്ദേഹം നടത്തുന്നത്. കത്തോലിക്കാ സഭയുമായി സ്നേഹബന്ധം പുലർത്തുകയും സഭയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠിക്കുകയും ചെയ്യുന്നതിന് ക്രിസോസ്റ്റം മെത്രാപ്പോലീത്താ പ്രത്യേക ശ്രദ്ധ നൽകിയിരുന്നതായി മാർ വിതയത്തിൽ ചൂണ്ടിക്കാട്ടി.

ലളിതമായ ജീവിതശൈലിയും നേതൃത്വഗുണവും ജോസഫ് മാർത്തോമ്മ മെത്രാപ്പോലീത്തായിലുണ്ടെന്നും ഇത് സഭയ്ക്കും സമൂഹത്തിനും പ്രയോജനപ്പെടുമെന്നും കർദ്ദിനാൾ പറഞ്ഞു. അനുമോദന സമ്മേളനം ഉത്രാടം തിരുന്നാൾ മാർത്താണ്ഡവർമ മഹാരാജാവ് ഉദ്ഘാടനം ചെയ്തു.

03. **പോലീസിനു ശാരീരിക ക്ഷമതയില്ല; ഭൂരിപക്ഷവും മദ്യത്തിന് അടിമകൾ** (Mangalam-10-2007)

ശാരീരിക ക്ഷമതയില്ലാത്തവരാണ് കേരള പോലീസിലെ ഭൂരിപക്ഷമെന്നും ഇവരിൽ ബഹുഭൂരിപക്ഷവും മദ്യത്തിന് അടിമകളാണെന്നും പഠനറിപ്പോർട്ട്. തലസ്ഥാന നഗരത്തിലെ പോലീസുകാരെയാണ് പരിശോധനയ്ക്ക് വിധേയരാക്കിയതെങ്കിലും മറ്റു സ്ഥലങ്ങളിലുള്ളവരുടെ സ്ഥിതിയും വ്യത്യസ്തമല്ല. ജീവിതശൈലി രോഗങ്ങൾക്കെതിരെയുള്ള ബോധവത്ക്കരണ ചികിത്സാ പരിപാടിയായ സ്പന്ദനത്തിന്റെ ഒന്നാം വാർഷികാഘോഷത്തിന്റെ ഭാഗമായിട്ടാണ് പോലീസുകാരുടെ ആരോഗ്യസ്ഥിതിയെക്കുറിച്ച് പഠനം നടത്തിയത്. നഗരത്തിലെ 24 പോലീസ് സ്റ്റേഷനുകളിലെയും മൂന്ന് സ്പെഷ്യൽ യൂണിറ്റുകളിലെ പോലീസുകാരെയാണ് ഉൾപ്പെടുത്തിയത്. 3500 പേർ ജോലി നോക്കുന്ന ഈ സ്റ്റേഷനുകളിൽ നിന്ന് 9029 പുരുഷന്മാരും 109 സ്ത്രീകളുമടക്കം 1038 പേരാണ് പരിശോധനകൾക്ക് വിധേയരായതെന്ന് സ്പന്ദനം കൺസൾണ്ടന്റ് ഡോ. സബീർ. എ. റഷീദ്, പോലീസ് ഹോസ്പിറ്റൽ മെഡിക്കൽ ഓഫീസർ ഡോ. രശ്മി റ്റി. എൻ എന്നിവർ തയ്യാറാക്കിയ റിപ്പോർട്ടിൽ പറഞ്ഞു. നഗരത്തിലുള്ള പോലീസുകാരിൽ 58% പുരുഷന്മാരിൽ പൊണ്ണത്തടിയും അമിതഭാരവും കണ്ടെത്തിയിട്ടുണ്ട്.

78 പേർ പൊണ്ണത്തടിയുമായി സർവ്വീസിൽ തുടരുമ്പോൾ 415 പേർ കൂടി ഈ പൊണ്ണത്തടിയുടെ പട്ടികയിലേക്ക് നീങ്ങുകയാണ്. ക്രമസമാധന പാലനത്തിൽ ഏർപ്പെടുന്ന 72% പോലീസുകാർക്ക് കുടവയറുമുണ്ട്. ചിട്ടയായി വ്യായാമം ചെയ്യാൻ ബഹുഭൂരിപക്ഷം പോലീസുകാരും വിമുഖത കാട്ടുന്നു. സേനയിലെ 70% പുരുഷ പോലീസുകാരുടെ ശരീരത്തിലും അമിത കൊഴുപ്പുണ്ട്. ഇത്തരത്തിൽ പ്രശ്നം നേരിടുന്നു. 590 പുരുഷന്മാരിൽ 120 പേർക്ക് കൊഴുപ്പിന്റെ അളവ് വളരെ കൂടുതലാണ്. സേവനാംഗങ്ങളുടെ കായികക്ഷമത ഇങ്ങനെയാണെന്നിരിക്കെ പലതരം രോഗങ്ങളും സമ്മർദ്ദവും കൂടുതലാണെന്നും കണ്ടെത്തിയിട്ടുണ്ട്. 25% പോലീസുകാർ ഉയർന്ന രക്തസമ്മർദ്ദം അനുഭവിക്കുന്നുണ്ട്. 29% പേർക്ക് പ്രമേഹമുണ്ടെന്നും കണ്ടെത്തിയിട്ടുണ്ട്. സേനയിലെ വനിതാഗംഗങ്ങളുടെ സ്ഥിതിയും വ്യത്യസ്തമല്ല. 77% വനിതാപോലീസിനും പൊണ്ണത്തടിയും അമിതഭാരവും ഉണ്ട്. 13വനിതകൾ പൊണ്ണത്തടിയുമായി സർവ്വീസിൽ തുടരുമ്പോൾ 59 പേർ പട്ടികയിൽ ഇടം നേടാൻ ഒരുങ്ങുകയാണ്. 42 ശതമാനം പേർക്ക് കുടവയറുമുണ്ട്. ശരീരത്തിലെ അമിതക്കൊഴുപ്പിന്റെ കാര്യത്തിൽ വനിതകളാണ് മുന്നിൽ. 86% വനിതാപോലീസുകാരിൽ നിരക്കിൽ മാത്രമേ ഉയർന്ന രക്തസമ്മർദ്ദം കണ്ടെത്തിയിട്ടുള്ളു. പോലീസുകാരുടെ ഇടയിലെ പുകവലി കുറഞ്ഞപ്പോൾ മദ്യപാനം വലിയ തോതിൽ വർദ്ധിച്ചിട്ടുണ്ട്. വിശ്രമമില്ലാത്ത ജോലിയും മാനസിക സമ്മർദ്ദവും ചിട്ടയായ ജീവിതരീതിയില്ലാത്തതും നിയന്ത്രണമില്ലാത്ത ഭക്ഷണക്രമവുമാണ് പോലീസുകാരെ ഈ നിലയിലാക്കിയതെന്ന് റിപ്പോർട്ടിൽ പറയുന്നു.

04. **കേരളത്തിൽ വയോജന ആത്മഹത്യാ നിരക്ക് ഉയരുന്നു.** (Mathrubhumi -01-10-2007)

കേരളത്തിൽ വൃദ്ധജനങ്ങളുടെ ആത്മഹത്യാനിരക്ക് ഉയരുന്നു. ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെയും പോസ്റ്റുമോർട്ടങ്ങളുടെയും കണക്ക് പരിശോധിച്ചാൽ സംസ്ഥാനത്ത് മൊത്തം നടക്കുന്ന ആത്മഹത്യകളിൽ ഇതുപത്-മുപ്പത് ശതമാനം വയോജനങ്ങളാണെന്ന് കാണാം. കഴിഞ്ഞ ദശകത്തെ അപേക്ഷിച്ച് പതിനഞ്ച് ശതമാനത്തോളം വർദ്ധനയാണ് ഉണ്ടായിട്ടുള്ളത്. പത്ത് വർഷം മുമ്പുവരെ ആത്മഹത്യകളിൽ ഇരുപതിനും അമ്പതിനുമിടെ പ്രായക്കാരായിരുന്നു. കൂടുതലും ഇന്ന് സ്വയംഹത്യകൾ നടത്തുന്നത് അമ്പത് വയസ്സിനു മുകളിലും ഇരുപത് വയസ്സിനു താഴെയുള്ളവരാണെന്ന് കേരള സർവ്വകലാശാലയിലെ മന:ശാസ്ത്ര വിഭാഗം സീനിയർ റിസർച്ച് ഫെല്ലോ ആയ ജോർജ്ജ് കെ. ഫിലിപ്പിന്റെ പഠനത്തിൽ പറയുന്നു. അമ്പത് വയസ്സിനു താഴെയുള്ളവർ പത്തോളം ശ്രമങ്ങൾക്ക് ശേഷമാണ് ആത്മഹത്യയിൽ വിജയിക്കുന്നതെങ്കിൽ അമ്പതിനു മുകളിലുള്ളവർ ഒന്നോ രണ്ടോ ശ്രമങ്ങളിൽ ഉറപ്പാക്കുന്നുവെന്ന് കണ്ടെത്തലുണ്ട്.

ഇടുക്കി, തിരുവനന്തപുരം, കോട്ടയം, വയനാട്, പാലക്കാട് ജില്ലകൾ ഇതിൽ മുൻപന്തിയിലാണ്. കഴിഞ്ഞ ഏഴുവർഷങ്ങളിൽ പാലക്കാട് ജില്ലയിൽ നടന്ന പോസ്റ്റ്മോർട്ടങ്ങളിലെ വിവരങ്ങൾ വച്ച് അറുപത് വയസ്സിന് മുകളിലുള്ളവരുടെ ആത്മഹത്യ വർഷം തോറും കൂടി വരികയാണെന്ന് ജില്ലാ പോലീസ് സർജൻ ഡോ. പി. ബി ഗുജറാൾ നടത്തിയ പഠനത്തിൽ വ്യക്തമാണ്. 2000 മുതൽ 2004 വരെയുള്ള ആത്മഹത്യകളിൽ 19.3% വൃദ്ധജനങ്ങൾ

ആയിരുന്നു. 2007-ൽ 2.1 ആയി. 60-90 പ്രായത്തിൽ പുരുഷന്മാരാണ് കൂടുതലായി ആത്മഹത്യ ചെയ്യുന്നതെങ്കിൽ 90നു മുകളിൽ സ്ത്രീകളാണ് ആത്മഹത്യയുടെ മുൻ നിരയിലുള്ളത്. ആത്മഹത്യയ്ക്ക് ശ്രമിച്ച് പരാജയപ്പെടുന്നവരുടെ എണ്ണം കൂടി കണക്കാക്കിയാൽ സ്ഥിതിഗതികൾ ശുഭാവഹമല്ല. ആയുർദൈർഘ്യത്തോടൊപ്പം വൃദ്ധജനങ്ങളുടെ എണ്ണവും വർദ്ധിക്കുന്നുണ്ട്. കുടുംബത്തിന്റെ നാഥൻ എന്ന പദവിയിൽ നിന്ന് ബാധ്യത എന്ന നിലയിലേക്ക് തള്ളപ്പെടുന്ന വേദനയാണ് മരണചിന്ത ഉണ്ടാക്കുന്നതെന്ന് പല ആത്മഹത്യ കുറിപ്പിലും പറയുന്നു. മാനസീകമായും ശാരീരികമായും പീഢനങ്ങൾ ഇവർ അനുഭവിക്കുന്നു. ആത്മഹത്യ ചെയ്ത ചില വൃദ്ധജനങ്ങളുടെ ദേഹത്ത് മരണത്തിനു തൊട്ടു മുമ്പ് മർദ്ദനമേറ്റ അടയാളങ്ങൾ കണ്ടത് ഡോ. ഗുജറാൾ ഓർമ്മിച്ചു. കുടുംബത്തിൽ നിന്നുള്ള അവഗണന, മക്കൾ കൂടുവിട്ടു പോകുമ്പോഴുള്ള ശൂന്യത, ദമ്പതികളിൽ ഒരാൾ മരിക്കുമ്പോഴത്തെ ഒറ്റപ്പെടൽ, ശമനമില്ലാതെ നീളുന്ന രോഗങ്ങൾ, സാമ്പത്തികമായും ശാരീരികമായും മറ്റുള്ളവരെ ആശ്രയിക്കേണ്ട അവസ്ഥ, വ്യർത്ഥബോധം, ആത്മഹത്യപ്രവണത എന്നിവ ഉണ്ടാക്കും. വാർദ്ധക്യത്തിൽ ഉണ്ടാകുന്ന ചില മാനസിക അസ്വാസ്ഥ്യങ്ങൾ കാരണങ്ങൾ ആവാമെന്ന് തൃശൂർ മെന്റൽ ഹോസ്പിറ്റൽ മുൻ സൂപ്രണ്ടും പാലക്കാട് അൽഷിമേഴ്സ് സൊസൈറ്റി സ്ഥാപക പ്രസിഡന്റുമായ ഡോ. എം ശിവതാണുപിള്ള പറഞ്ഞു.

05. **ബഹിഷ്ക്കരണം, സംഘർഷം, അറസ്റ്റ്; പേരിനൽപ്പം ക്ലസ്റ്റർ പരിശീലനവും.**

(Malayala Manorama-30-09-2007)

അധ്യാപകർക്കായി സംസ്ഥാനത്ത് ഇന്നലെ നടന്ന ക്ലസ്റ്റർ പരിശീലനം ഭൂരിപക്ഷം പേരും ബഹിഷ്ക്കരിച്ചു. മിക്കയിടത്തും സംഘർഷമുണ്ടായി. പരിശീലനം തടയാനെത്തിയവരെ പോലീസ് അറസ്റ്റ് ചെയ്ത് നീക്കി. കോട്ടയത്ത് ഒരു അധ്യാപകനെ പോലീസ് മർദ്ദിച്ചു. ചിലയിടത്ത് സി. പി. എം പോഷക സംഘടനകൾ അധ്യാപകരെ മർദ്ദിച്ചു. ഹാജരായവർക്കുവേണ്ടി പലയിടത്തും വൈകുന്നരം വരെ പരിശീലനം നടന്നു. പങ്കെടുക്കാത്തവർക്കെതിരെ നടപടിയെടുക്കുമെന്ന് സർക്കാർ മുന്നറിയിപ്പ് അവഗണിച്ചാണ് അധ്യാപകർ വിട്ടുനിന്നത്. പരിശീലനം വിജയിപ്പിക്കാൻ ഇടത് സംഘടനകളുടെ ശ്രമവും ഫലം കണ്ടില്ല. ഇടതുസംഘടനയിൽപ്പെട്ട പല അധ്യാപകരും ബഹിഷ്ക്കരണത്തിൽ പങ്കെടുത്തു. എന്നാൽ ക്ലസ്റ്റർ പരിശീലനം വൻ വിജയമായിരുന്നുവെന്ന് സർക്കാർ അവകാശപ്പെട്ടു. 90% അധ്യാപകരും ഹാജരായെന്ന് എസ്. എസ് . എ ഡയറക്ടർ ഡോ. ബി. വിജയകുമാർ പറഞ്ഞു. അതേസമയം, 80 ശതമാനം അധ്യാപകർ പങ്കെടുത്തുവെന്നാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ പത്രക്കുറിപ്പിൽ അറിയിച്ചത്. വടക്കൻ ജില്ലകളിൽ 70% പേരും തെക്കൻ ജില്ലകളിൽ 50 ശതമാനത്തിലേറെപ്പേരും പരിശീലനം ബഹിഷ്ക്കരിച്ചതായി സംയുക്ത അധ്യാപക സമിതി നേതാക്കൾ അറിയിച്ചു. വടക്കൻ ജില്ലകളിൽ 10% പേർ മാത്രം ഹാജരായ സ്ക്കൂളുകളുണ്ട്. സർക്കാരിന്റെയും ഭരണപക്ഷ സംഘടനകളുടെയും ഭീഷണി നേരിട്ടു ക്ലസ്റ്റർ പരിശീലനം പരാജയപ്പെടുത്തിയ അധ്യാപകരെ സംയുക്ത അധ്യാപക ചെയർമാൻ കെ. വിക്രമൻ നായരും ജനറൽ കൺവീനർ സി. പി ചെറിയ മുഹമ്മദും അനുമോദിച്ചു. അധ്യാപക സമിതി പ്രഖ്യാപിച്ചിരുന്ന ക്ലസ്റ്റർ യോഗ ബഹിഷ്ക്കരണത്തോട് അനുഭാവമുള്ളതുകൊണ്ടാണു വിട്ടുനിന്നതെന്നായിരിക്കും എല്ലാ അധ്യാപകരും അധികൃതർക്ക് വിശദീകരണം നൽകുകയെന്നും അവർ അറിയിച്ചു.

അതേസമയം, അധ്യാപകരുടെ വിശദീകരണം ഹെഡ്മാസ്റ്റർമാർ നാലിനു മുമ്പ് ഡി. ഇ. ഒ മാർക്ക് നൽകണമെന്നു പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു. വിശദീകരണം തൃപ്തികരമല്ലാത്ത ഓഫീസിലേക്ക് ഇ-മെയിലിൽ നൽകണം. എറണാകുളത്തു താരതമ്യേന സംഘർഷം കുറവായിരുന്നു. മിക്കയിടത്തും ഹാജർ തീരെ കുറവായിരുന്നു. എറണാകുളം വിദ്യാഭ്യാസ ജില്ലയിലെ കായികാധ്യാപകർ യോഗത്തിൽ പങ്കെടുത്തെങ്കിലും ശരിയായ മാർഗനിർദേശം ലഭിച്ചിട്ടില്ലെന്നു പരാതിപ്പെട്ടു പ്രതിഫലം ബഹിഷ്ക്കരിച്ചു. 50% പേർ യോഗങ്ങൾ ബഹിഷ്ക്കരിച്ചതായി പ്രതിപക്ഷ സംഘടനാ നേതാക്കൾ അറിയിച്ചു.